# ധാതുമണൽ ഖനനം തീരദേശത്തിന് ഭീഷണി

**ആർ. ജയചന്ദ്രൻ**

ആലപ്പുഴ : തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ ധാതുമണൽഖനനം ഭീഷണി ഉയർത്തുന്നു. ധാതുമണൽ നിക്ഷേപം ഏറെയുള്ള ഈ പ്രദേശം ഇപ്പോൾ ആഗോളക്കുത്തകകളുടേയും സ്വകാര്യമുതലാളിമാരുടേയും ശ്രദ്ധാകേന്ദ്രമായി മാറിക്കഴിഞ്ഞു. രണ്ട് പഞ്ചായത്തുകളിലായി 74 ഏക്കറോളം ഇവർ കൈവശപ്പെടുത്തിയിട്ടുണ്ട്.

കൊച്ചി-ആലുവ ആസ്ഥാനമായുള്ള സി. എം. ആർ. എൽ(C. M. R. L), തമിഴ്നാട് ആസ്ഥാനമായുള്ള സി. വി. എം (C. V. M), എന്നീ കമ്പനികളാണ് ഇപ്പോൾ രംഗത്തെത്തിയിട്ടുള്ളത്. തൊഴിൽ നൽകാമെന്ന വാഗ്ദാനത്തിന്റേയും വികസനത്തിന്റേയും പേരിൽ ചില രാഷ്ട്രീയദല്ലാളന്മാരും ഇവരെ സഹായിക്കുന്നത് ജനങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാക്കിയിട്ടുണ്ട്. ഈ കമ്പനിക്കാർ എന്താണ് ഇവിടെ നടത്താൻ പോകുന്നതെന്നോ ഫാക്ടറികൾ ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ചോ ജനങ്ങളിൽ നിന്നും പലതും മറച്ചുവയ്ക്കുന്നു. ഫാക്ടറിയിൽ നടത്തുന്നത് "മാനുവൽ സെപ്പറേഷൻ" ആണെന്നും യാതൊരു രാസവസ്തുക്കളും ഉപയോഗിക്കുന്നില്ലായെന്നും അവർ പ്രചരിപ്പിക്കുന്നു.

വ്യവസായിക പ്രാധാന്യമുള്ള ഇൽമനൈറ്റ്, റൂട്ടൈൽ, സിലിമനൈറ്റ്, സിലിക്കൺ എന്നിവയും അണുവായുധവുമായി ബന്ധപ്പെട്ട മോണോസൈറ്റുമാണ് ഇവിടെ വ്യാപകമായിട്ടുള്ളത്. ഐ. ആർ. ഇ, കെ. എം. എം. എൽ എന്നീ പൊതുമേഖലാസ്ഥാപനങ്ങളായിരുന്നു ഇതുവരെ ഇവ ഖനനം ചെയ്തിരുന്നത്. കോടിക്കണക്കിനു രൂപ ലാഭം കൊയ്യുന്ന ഈ സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെ സംബന്ധിച്ച് റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് സ്വകാര്യമേഖല കൂടി ഈ മേഖലയിൽ കടന്നുവരുന്നത്.

ശക്തമായ കടലാക്രമണഭീഷണി നിലനിൽക്കുന്ന ഈ പ്രദേശങ്ങളിൽ ഏകദേശം പതിനായിരം കുടുംബങ്ങളും അമ്പതിനായിരത്തോളം ജനങ്ങളും തിങ്ങിപ്പാർക്കുന്നുണ്ട്. ഈ പ്രദേശത്തെ പരമാവധി വീതി 600 മീറ്ററാണ്. കടലും കായംകുളം കായലും തമ്മിലുള്ള അകലം 100 മീറ്റർ വരെയായ പ്രദേശം പോലും ഉണ്ട്.

ഫാക്ടറിക്കുവേണ്ടി എടുക്കുന്ന സ്ഥലമാകട്ടെ സമുദ്രനിരപ്പിൽ നിന്നു താഴ്ന്ന പ്രദേശമാണ്. അവിടെ നടക്കുന്ന ഏത് നിർമ്മാണപ്രവർത്തനവും സമീപപ്രദേശത്തെ വെള്ളത്തിനടിയിലാക്കും. പ്രകൃതിരമണീയമായ ആ സ്ഥലം അണുവായുധവുമായി ബന്ധപ്പെട്ട റേഡിയേഷനുകൾക്ക് കാരണമാകുന്ന ഒരു ഫാക്ടറി വരുന്നതിൽ ജനങ്ങൾ ശക്തമായ ഒരു പോരാട്ടത്തിന് തയ്യാറെടുക്കുകയാണ്. കേന്ദ്രസർക്കാർ നൽകിയ അനുമതിയുടെ വെളിച്ചത്തിൽ സംസ്ഥാനസർക്കാരും പച്ചക്കൊടി കാണിക്കുമെന്ന പ്രതീക്ഷയിൽ ഉണ്ടാകുന്ന എതിർപ്പുകളെ കമ്പനിയും അവരെ പിന്താങ്ങുന്നവരും പുച്ഛിച്ചു തള്ളുന്നു. എല്ലാവരേയും വിലക്കുവാങ്ങാൻ കഴിവുള്ള- അത്ര സാദ്ധ്യതകളുള്ള - ഈ കമ്പനി എതിർക്കുന്നവരെ ഇല്ലായ്മ ചെയ്യാൻപോലും മടിക്കാത്ത പ്രവണതകൾ പ്രകടിപ്പിക്കുന്നു. അത് പരിസ്ഥിതി പ്രവർത്തകരുടെ കൂട്ടായ്മയിലേക്ക് വിരൽചൂണ്ടുന്ന സാംഗതിയാണ്.